പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1304

20.01.2014 ൽ
മറുപടിക്ക്

## തടയണ നിർമ്മാണത്തിനുള്ള അനുമതി

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചു വന്നിരുന്ന തടയണ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വന്നിരുന്ന തടയണ നിർമ്മാണ പ്രവർത്തനം നിലവിൽ നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) കരാറുകാരന്റെ മരണത്തെ തുടർന്നും സാങ്കേതിക കാരണങ്ങളാലും സ്തംഭിച്ചു കിടന്ന തടയണ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കിക്കിട്ടാൻ തൃശ്ശൂർ ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **(ബി)** പുതുക്കിയ പ്രൊപ്പോസൽ സംസ്ഥാന ഉന്നതതല സമിതി മുൻപാകെ അവതരിപ്പിക്കുന്നതിന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ; | (സി) അടുത്ത സംസ്ഥാന ഉന്നതതല സമിതിയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കാലതാമസം ഒഴിവാക്കി ഭരണാനുമതി പുതുക്കി നൽകി അടുത്ത അനുകൂല സീസണിൽത്തന്നെ തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (ഡി) | ഉന്നതതല സമിതിയുടെ അംഗീകാരത്തോടെ ഭരണാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ തടയണ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

Sreelekha.T.P

സെക്ഷൻ ഓഫീസർ